**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 712** **28-06-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതിബോർഡിലെ ആശ്രിതനിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ ഇതുവരെ എത്ര പേർക്ക് വൈദ്യുതി ബോർഡിൽ ആശ്രിതനിയമനം നൽകിയിട്ടുണ്ട്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ 2016 മുതൽ ഇതുവരെ 367 പേർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ട്.<br><br>തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു |
| (ബി) | അർഹതപ്പെട്ട എത്രപേർക്കാണ് ഇനിയും വൈദ്യുതി ബോർഡിൽ ആശ്രിത നിയമനം നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ ; ഇവർക്ക് നിയമനം നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) | അർഹതപ്പെട്ട 59 പേർക്കാണ് ഓഫിസ് അറ്റൻഡന്റ് തസ്തികയിലേക്ക് ഇനിയും വൈദ്യുതി ബോർഡിൽ ആശ്രിത നിയമനം നൽകാനുള്ളത്.<br><br>കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ അനുവദനീയമായ ജീവനക്കാരുടെ എണ്ണം 402 ആണ്. നിലവിൽ ഈ തസ്തികയിൽ 402 ജീവനക്കാർ ജോലി നോക്കുന്നുണ്ട്. കഴിഞ്ഞ ഏതാനും വർഷമായി ഈ തസ്തികയിൽ ആശ്രിതനിയമനം മാത്രമാണ് നടക്കുന്നത്. സർവ്വീസിലിരിക്കെ മരണമടയുന്ന ബഹുഭൂരിപക്ഷം ജീവനക്കാരുടെയും ഭാര്യമാർക്കും ആശ്രിതർക്കും അവരുടെ വിദ്യാഭ്യാസ യോഗ്യത പൊതുവെ കുറവായതിനാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് മാത്രമാണ് സമാശ്വാസ നിയമന പദ്ധതിപ്രകാരം ജോലി ലഭിക്കുവാൻ അർഹതയുള്ളത്. ഇത്തരത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ധാരാളം ആശ്രിത നിയമനം നടത്തിയതു വഴി ടി തസ്തികയിലെ ജീവനക്കാരുടെ എണ്ണം കഴിഞ്ഞ ഏതാനും വർഷങ്ങളായി അനുവദനീയമായ എണ്ണമായ 402 –നേക്കാൾ കൂടുതലായി നിയമനങ്ങൾ നൽകുകയുണ്ടായി. എന്നാൽ പിന്നീട് നടത്തിയ സ്ഥാനകയറ്റങ്ങളുടെ ഫലമായി അനുവദനീയമായ എണ്ണമായ 402-ൽ നിജപ്പെടുത്താൻ കഴിഞ്ഞു.<br><br>കഴിഞ്ഞ ഏതാനും മാസങ്ങളായി ബോർഡിന് ഈ തസ്തികയിലേക്കുള്ള സമാശ്വാസ നിയമനത്തിന് അനുമതി നൽകുവാൻ കഴിയാത്തത് ഒഴിവുകൾ നിലവിലില്ലാത്തതുകൊണ്ട് മാത്രമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കെ.എസ്.ഇ.ബി.എൽ-ൽ 2016 മുതൽ ഇതുവരെ നൽകിയ ആശ്രിത നിയമനം സംബന്ധിച്ച തസ്തിക തിരിച്ച വിവരം**

| | | |
|---|---|---|
| 1. | ഓഫീസ് അറ്റൻഡന്റ് | 139 |
| 2. | ജൂനിയർ ഫെയർ കോപ്പി അസിസ്റ്റന്റ് | 4 |
| 3. | സബ് എഞ്ചിനീയർ (സിവിൽ) | 8 |
| 4. | സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 48 |
| 5. | കാഷ്യർ | 120 |
| 6. | ഇലക്ട്രിസിറ്റി വർക്കർ | 13 |
| 7. | മീറ്റർ റീഡർ | 22 |
| 8. | പി.റ്റി.സി | 9 |
| 9. | ഡ്രൈവർ ഗ്രേഡ്-II | 4 |
| | **ആകെ മൊത്തം** | **367** |

സെക്ഷൻ ഓഫീസർ